"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ ഇരുമ്പകശ്ശേരി എ.യു.പി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C) No. 42516/2022 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 23.12.2022 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2570/2024/GEDN തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:-

1. പാലക്കാട് ഇരുമ്പകശ്ശേരി എ.യു.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 30/11/2022 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P9).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 42516/2022 മേലുള്ള 23.12.2022-തീയതി ഇടക്കാല വിധിന്യായം.
3. തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/02/2024 തീയതിയിലെ സി/590/2023/എഇഒ നമ്പർ കത്ത്.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25/02/2024 തീയതിയിലെ ജി1/14849/2023/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഇരുമ്പകശ്ശേരി എ.യു.പി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C) No. 42516/2022 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P9) പുന പരിശോധനാ ഹർജി ഹർജിക്കാരനെ കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികളെ 7.9.2023-ൽ നേരിൽ കേൾക്കുകയുണ്ടായി.

2. ഹർജിക്കാരനായ സ്കൂൾ മാനേജരുടെ വാദങ്ങൾ താഴെ കൊടുക്കുന്നു:

വ്യക്തിഗത മാനേജ്മെന്റിന്റെ കീഴിലുള്ള തൃത്താല വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന എ.യു.പി.എസ്, ഇരുമ്പകശ്ശേരി, എ.എൽ.പിഎസ്, എളവള്ളി എന്നീ സ്കൂളുകൾ കെ.ഇ.ആർ പ്രകാരം സീനിയോറിറ്റിക്ക് ഒരു യൂണിറ്റായി പരിഗണിക്കുന്ന വിദ്യാലയങ്ങളാണ്.

എ.യു.പി.എസ് ഇരുമ്പകശ്ശേരിയിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ചാണ് ഗവണ്മെന്റിൽ റിവിഷൻ സമർപ്പിച്ചിട്ടുള്ളത്. 2019-17 അദ്ധ്യായന വർഷം

എ.യു.പി.എസ് ഇരുമ്പകശ്ശേരിയിൽ ഒരു എൽ.പി റഗുലർ തസ്തിക മുൻ വർഷം നിലനിന്നിരുന്നത് ഒഴിഞ്ഞ് കിടന്നിരുന്നു. കൂടാതെ ഒരു അധിക എൽ.പി.എസ്.എ തസ്തികയും അധിക യു.പി.എസ്.എ തസ്തികയും അനുവദിച്ചു. പ്രസ്തുത വർഷം എൽ.പി-ലെ നിലനിന്നിരുന്ന ഒരു ഒഴിവിൽ ആരെയും നിയമിച്ചിരുന്നില്ല. യു.പി.എസ്.എ അധിക തസ്തികയിൽ ശ്രീമതി.റസീന സി.പി എന്ന അദ്ധ്യാപികയെ മാനേജർ നിയമിച്ചു. 2016-17 അദ്ധ്യയന വർഷം സ്കൂളിൽ നിലവിലുണ്ടായിരുന്ന അദ്ധ്യാപകർ

<u>post sanctioned as per Staff Fixation Order</u>

HM -1

LPSA -8

UPSA -11

Teachers on roll
Headmistress - Seena

| | UPSA - 11 | LPSA - 8 |
|---|---|---|
| 1 | Reena | Rema |
| 2 | Mini | Mohanan |
| 3 | Rasiya | Jose |
| 4 | Sheeba | Geetha |
| 5 | Sheeja | Jiji |
| 6 | Bindju | Ajitha |
| 7 | Pradeep | ( a regular post vacant) |
| 8 | Thankamani | Sameera (additional vacancy not approved) |

9 Smitha

10 Lal

11 Raseena

(not approved) Additional Vacancy

പിന്നീട് മുൻകാല പ്രാബല്യത്തിൽ അധിക തസ്തികയിലെ നിയമനങ്ങൾ 1:1 എന്ന അനുപാതത്തിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്കായി മാറ്റിവയ്ക്കണമെന്ന് നിഷ്കർഷിച്ച് കെ.ഇ.ആർ-ൽ ഭേദഗതി വന്നു.

അപ്രകാരമിരിക്കെ 06.06.2019-ൽ 3 റിട്ടയർമെന്റ് ഒഴിവുകൾ ലഭ്യമായി (1 യു.പി.എസ്.എ, 2 എൽ.പി.എസ്.എ) ഇതിൽ ഒരു എൽ.പി.എസ്.എ ഒഴിവിലേക്ക് സെമീറയെ മാറ്റി നിയമിച്ചു. ഒരു എൽ.പി.എസ്.എ ഒഴിവിൽ ശ്രീമതി.ജയയെയും ഒരു യു.പി.എസ്.എ ഒഴിവിൽ ശ്രീ.അനീഷിനെയും നിയമിച്ചു. പ്രസ്തുത നിയമനങ്ങൾ അംഗീകരിച്ചു. ശ്രീമതി.സെമീറ.പി.എം-നെ മാറ്റി നിയമിച്ചു. എന്നാൽ നാളിതുവരെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ വിട്ട് തന്നിട്ടില്ല. എച്ച്.റ്റി.വി തസ്തികയിലേക്ക് മാനേജർ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ ആവശ്യപ്പെട്ടുവെങ്കിലും അതും അനുവദിച്ചു തന്നിട്ടില്ല. 2016-17 അദ്ധ്യയന വർഷം മുതൽ സ്കൂളിൽ ഉണ്ടായ അധിക ഡിവിഷൻ തസ്തികയുടെ എണ്ണം രണ്ടാണ്. അതിലേക്ക് ഒരു തസ്തിക മാനേജർ വിട്ട് നൽകിയ സാഹചര്യത്തിൽ രണ്ടാമത്തെ തസ്തികയിൽ നിയമിച്ച ശ്രീമതി.റസീന സി.പി യുടെ നിയമനം അംഗീകരിക്കത്തക്കതാണ്.

31.5.2021-ൽ സ്കൂളിൽ ഒരു യു.പി.എസ്.എ റിട്ടയർമെന്റ് തസ്തിക ഒഴിവ് വന്നു. പ്രസ്തു ഒഴിവിലേക്ക് 2016 മുതൽ അധിക തസ്തികയിൽ അപ്രൂവൽ ഇല്ലാതെ തുടർന്നിരുന്ന ശ്രീമതി.റെസീന സി.പി-യെ മാറ്റി നിയമിച്ച്, റസീന തുടർന്നിരുന്ന ഒഴിവിൽ ശ്രീ.അമൽ-നെ മാനേജർ നിയമിച്ചു. ശ്രീ.അമൽരാജിന്റെ നിയമനവും അംഗീകരിക്കുന്നതിന് നിയമപ്രകാരം യാതൊരു തടസ്സവും ഇല്ല.

2022-23 അദ്ധ്യയന വർഷം മുതൽ ഒരു എൽ.ജി അറബിക് തസ്തിക ലഭ്യമാക്കിയിരുന്നു. പ്രസ്തുത ഒഴിവ് ഭിന്നശേഷി വിഭാഗത്തിനായി മാനേജർ ഒഴിച്ചിട്ടിട്ടുണ്ട്.

അപ്രകാരമിരിക്കെ 2021-2022 അദ്ധ്യയന വർഷം ഉണ്ടായ ഒരു റിട്ടയർമെന്റ് ഒഴിവിൽ മാനേജർ എൽ.പി.എസ്.എ തസ്തികയിലേക്ക് ശ്രീമതി.ശരണ്യ കെ.പി എന്ന അദ്ധ്യാപികയെ നിയമിച്ചു. പ്രസ്തുത നിയമനത്തിനും അംഗീകാരം നൽകിയിട്ടില്ല.

ഹിയറിംഗ് അവസരത്തിൽ 2016-17 അദ്ധ്യയന വർഷം അനുവദിച്ച അധിക തസ്തികകൾ അക്കോമഡേഷന്റെ തർക്കത്തിൽ 2018-19 അദ്ധ്യയന വർഷം കുറവു ചെയ്തു എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വാദം ഉന്നയിച്ചു. എന്നാൽ പ്രസ്തുത തടസ്സവാദം സർക്കാർ തള്ളിക്കളയുകയും തുടർന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ദീ.തി/സി/2591/2020 തീയതി 18.1.2022 പ്രകാരം റിവൈസ് ചെയ്തിട്ടുള്ളതും സി/40766/2019 തീയതി 28.04.2022 ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇപ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിംഗിൽ അവതരിപ്പിച്ചത് തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ ആണ്. കൂടാതെ 2016-17 തസ്തിക

നിർണ്ണയ ഉത്തരവിൽ അനുവദിച്ച തസ്തികകൾ ഒന്നും കുറവ് ചെയ്ത് ഡയറക്ടർ നാളിതു വരെ യാതൊരു ഉത്തരവുകളും ഇറക്കിയിട്ടില്ല.

ചുരുക്കത്തിൽ 2016-ന് ശേഷം സ്കൂളിൽ ലഭ്യമായ 2 അധിക തസ്തികയിൽ ഒരു തസ്തിക പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കായി മാറ്റി വച്ചിട്ടുണ്ട്. 2016-ൽ നിലനിന്നിരുന്ന ഒരു എൽ.പി.എസ്.എ റഗുലർ തസ്തിക ഇപ്പോഴും വേക്കന്റ് ആണ്. കൂടാതെ 2022-23 അദ്ധ്യയന വർഷം ലഭ്യമായ ഒരു എൽ.ജി അറബിക് തസ്തിക ഭിന്നശേഷിക്കാർക്കായി മാറ്റിവച്ചിട്ടുണ്ട്. അപ്രകാരം മാനേജർ നടത്തിയ അധിക തസ്തികയിലെയും റിട്ടയർമെന്റ് തസ്തികയിലെയും നിയമനങ്ങൾ അംഗീകരിച്ച നൽകേണ്ടതാണ്. ഇപ്രകാരമുള്ള നിയമനങ്ങൾ അംഗീകരിച്ച നൽകുവാൻ സർക്കാർ ജി.ഒ (പി) നം.4/2021/പൊ.വി.വ തീയതി 6.2.2021, ജി.ഒ(പി)നം.2/2023/പൊ.വി.വ തീയതി 23.1.2023, ജി.ഒ (എം.എസ്)101/2021/പൊ.വി.വ തീയതി 18.7.2023 തുടങ്ങിയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.റസീന.സി.പി-യുടെ 1.6.2016 മുതലുള്ള യു.പി.എസ്.എ നിയമനം, ശ്രീ. അമൽ ടി. യുടെ 15.7.2021 മുതലുള്ള യു.പി.എസ്.എ നിയമനം, ശ്രീമതി.ശരണ്യ കെ.പിയുടെ 15.7.2021 മുതലുള്ള എൽ.പി.എസ്.എ തസ്തിക നിയമനം അംഗീകരിച്ച് നൽകണമെന്ന് അപേക്ഷിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, തൃത്താല എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

2016-2017-ൽ വന്ന 1 അധിക തസ്തിക യു.പി.എസ്.ടി തസ്തികയും 1 അധിക എൽ.പി.എസ്.ടി തസ്തികയും 2018-2019 മുതൽ നഷ്ടപ്പെടുകയും തുടർന്ന് 2018-2019-ലെ ഡി.ഡിസ്/സി/2591/2020 തീയതി 18.1.2022-ലെ റിവിഷൻ ഉത്തരവ് പ്രകാരം മേൽ തസ്തികകൾ തിരികെ വരികയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ കാണിക്കുന്ന രീതിയിൽ 2016-17 മുതൽ ടി സ്കൂളിൽ യു.പി. വിഭാഗത്തിലെ ഡിവിഷനുകൾ കാണുന്നു.

| വർഷം | യു.പി ഡിവിഷനുകൾ | എച്ച്.ടി.വി (യു.പി) | അധികം വരുന്നവ (യു.പി) | കുറയുന്നവ (യു.പി) | ആകെ |
|---|---|---|---|---|---|
| 2016-2017 | 11 | 1 | 1 | | 13 |
| 2017-2018 | 12 | 1 | | | 13 |
| 2018-2019 | 12 | 1 | 1 | | 14 |
| 2019-2020 | 13 | 1 | | | 14 |
| 2020-2021 | 13 | 1 | | | 14 |
| 2021-2022 | 13 | 1 | | | 14 |
| 2022-2023 | 12 | 1 | | 1 | 13 |

എൽ.പി ഡിവിഷനുകൾ താഴെ പറയും വിധവും വരുന്നു

| വർഷം | എൽ.പി ഡിവിഷനുകൾ | അധിക (എൽ.പി) | കുറയുന്നവ (എൽ.പി) | ആകെ |
|---|---|---|---|---|
| 2016-2017 | 7 | 1 | | 8 |
| 2017-2018 | 8 | | | 8 |
| 2018-2019 | 7 | 1 | | 8 |
| 2019-2020 | 8 | | | 8 |
| 2020-2021 | 8 | | | 8 |

| | | |
|---|---|---|
| 2021-2022 | 8 | 8 |
| 2022-2023 | 8 | 8 |

മേൽ പറഞ്ഞവയിൽ നിന്നും 2016-2017 മുതൽ 1 യു.പി.എസ്.ടി അധിക തസ്തികയും 1 എൽ.പി.എസ്.ടി അധിക തസ്തികയും വരുന്നു. അതിനു ശേഷം 2018-2019 മുതലും 1 യു.പി.എസ്.ടി അധിക തസ്തികയും 1 എൽ.പി.എസ്.ടി തസ്തികയും വരുന്നുണ്ട്. എന്നാൽ 2022-2023 മുതൽ 1 യു.പി.എസ്.ടി തസ്തിക കുറയുകയും ചെയ്യുന്നു.

2016-2017 മുതൽ പ്രധാനാദ്ധ്യാപകനെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കി എച്ച്.ടി.വി തസ്തിക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ സംരക്ഷിത അദ്ധ്യാപകരെ മാത്രമേ നിയമിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീമതി.റസീന.സി.പി യെ 1.6.2016 മുതൽ 2016-2017 ലെ അധിക തസ്തികയിൽ മാനേജർ നിയമിച്ചിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ ടി നിയമനം നിരസിച്ചിരുന്നു. പ്രധാനമായും അധിക തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് സ.ഉ (പി) 4/2021/പൊ.വി.വ തീയതി 6.2.2021-ലെ സ്പഷ്ടീകരണ സർക്കുലറായ 26.2.2021-ലെ എച്ച്2/19500/2021/ഡി.ജി.ഇ പ്രകാരം ഉള്ള മാനേജരുടെ വ്യക്തമായ സത്യപ്രസ്താവന ലഭ്യമാക്കാത്തതിനാലാണ് പ്രസ്തുത നിയമനം നിരസിച്ചത്. 19.7.2021-ലെ സി/1342/2021/എൽ.ഡിസ് പ്രകാരം അധിക തസ്തികകൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ നൽകാത്തതിനാൽ മാനേജരുടെ സത്യപ്രസ്താവന തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

2016-2017 മുതൽ 2019-2020 വരെയുള്ള അധിക തസ്തികകളിലെ നിയമനങ്ങൾ 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകരെ വച്ചാണ് നിയമിക്കേണ്ടത്. പ്രസ്തുത ഉത്തരവിലെ സ്പഷ്ടീകരണ സർക്കുലറായ 26.2.2021-ലെ എച്ച്2/19500/2021/ഡി.ജി.ഇ പ്രകാരം ഉള്ള മാനേജരുടെ ബോണ്ട്/സത്യപ്രസ്താവന സമർപ്പിച്ചെങ്കിലും ആയത് അവ്യക്തമായതിനാൽ നിരസിച്ചിരുന്നു.

ശ്രീമതി.റീന ജോർജ്ജ്.കെ, യു.പി.എസ്.ടി പ്രധാനാദ്ധ്യാപിക തസ്തികയിലേക്ക് 1.4.2021 മുതൽ പ്രൊമോഷൻ ആയത് മൂലം ഉണ്ടായ ഒഴിവിലേക്ക് 15.7.2021 മുതൽ മാനേജർ ശ്രീമതി.റസീന.സി.പി യെ അധിക തസ്തികയിൽ നിന്നും മാറ്റി നിയമിച്ചു. അപ്രകാരം ഉണ്ടാകുന്ന ഒഴിവിലേക്കാണ് ശ്രീ. അമലിനെ യു.പി.എസ്.ടി യായി 15.7.2021 മുതൽ സ്കൂൾ മാനേജർ നിയമിച്ചിരിക്കുന്നത്. ശ്രീമതി.റസീന.സി.പി യുടെ അധിക യു.പി.എസ്.ടി യിലെ നിയമനവും, റിട്ടയർമെന്റ് തസ്തികയിലെ നിയമനവും അംഗീകരിക്കാത്തതിനാൽ ശ്രീ.അമലിന്റെ നിയമനവും അംഗീകരിച്ചിട്ടില്ല. 15.7.2021 മുതലുള്ള നിയമനങ്ങൾ ഭിന്നശേഷി സംവരണത്തിന്റെ പരിധിയിലും വരുന്നു.

4. സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഇരുമ്പകശ്ശേരി എ.യു.പി സ്കൂളിലെ ശ്രീമതി.റസീന സി.പി യുടെ 1.6.2016 മുതലുള്ള യു.പി.എസ്.എ നിയമനം, ശ്രീ.അമൽ.ടി യുടെ 15.7.2021 മുതലുള്ള യു.പി.എസ്.എ നിയമനം, ശ്രീമതി.ശരണ്യ.കെ.പി യുടെ 15.7.2021 മുതലുള്ള എൽ.പി.എസ്.എ നിയമനം എന്നിവ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം. 2016-2017-ൽ വന്ന 1 അധിക യു.പി.എസ്.എ തസ്തികയും, 1 അധിക എൽ.പി.എസ്.ടി തസ്തികയും 2018 മുതൽ നഷ്ടപ്പെടുകയും, തുടർന്ന് 2018-2019-ലെ ഡി.ഡിസ് സി/2591/2020 തീയ്യതി 18.1.2022-ലെ റിവിഷൻ ഉത്തരവ്

പ്രകാരം മേൽ തസ്തികകൾ തിരികെ വരികയും ചെയ്തിട്ടുണ്ട്. സ.ഉ (പി) 4/2021/പൊ.വി.വ തീയ്യതി 6.2.2021-ലെ സർക്കുലർ എച്ച്2/19500/2021/ഡി.ജി.ഇ പ്രകാരം ഉള്ള മാനേജരുടെ സത്യപ്രസ്താവന തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 19.7.2021-ലെ സി/1342/2021/എൽ.ഡിസ് നമ്പർ പ്രകാരം അധിക തസ്തികകളിലെ തുടർച്ച ഇല്ലാത്തതിനാലും നിയമനങ്ങളിലെ അവ്യക്തത കാരണവും നിരസിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി.റസീന.സി.പി യെ 1.6.2016 മുതൽ 2016-2017 -ലെ അധിക തസ്തികയിൽ മാനേജർ നിയമിച്ചു. എന്നാൽ അധിക തസ്തികകളുടെ നിയമനവുമായി ബന്ധപ്പെട്ട് സ.ഉ (പി) 4/2021/പൊ.വി.വ തീയതി 6.2.2021-ലെ സ്പഷ്ടീകരണ സർക്കുലറായ 26.2.2021-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ പ്രകാരമുള്ള മാനേജരുടെ വ്യകാതമായ സത്യപ്രസ്താവന ലഭ്യമാക്കാത്തതിനാലും, അധിക തസ്തികകൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ നൽകാത്തതിനാലുമാണ് നിയമനം നിരസിച്ചതെന്ന് തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു. ശ്രീമതി.റീന ജോർജ്ജ്.കെ, യു.പി.എസ്.ടി പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് 1.4.2021 മുതൽ പ്രൊമോഷൻ ആയതുമൂലം ഉണ്ടായ ഒഴിവിലേക്ക് 15.7.2021 മുതൽ മാനേജർ ശ്രീമതി.റസീന.സി.പി യെ അധിക തസ്തികയിൽ നിന്നും മാറ്റി നിയമിച്ചു. അപ്രകാരം ഉണ്ടായ ഒഴിവിലേക്കാണ് ശ്രീ.അമലിനെ യു.പി.എസ്.ടി ആയി 15.7.2021 മുതൽ മാനേജർ നിയമിച്ചിരിക്കുന്നത്.

മേൽപ്പറഞ്ഞ 3 അദ്ധ്യാപകരിൽപ്പെട്ട ശ്രീമതി.ശരണ്യ കെ.പി, എൽ.പി.എസ്.ടി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP © 3927/2022ന്മേലുള്ള 12.7.2023-ലെ വിധിന്യായം പ്രകാരം സർക്കാരിൽ ഹിയറിംഗ് നടത്തുകയും, നിയമന തീയതിയായ 15.7.2021 മുതൽ ഭിന്നശേഷി സംവരണം പാലിച്ച് പ്രൊവിഷണലായി അംഗീകാരം നൽകുന്നതിന് തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീമതി.റസീന.സി.പി, യു.പി.എസ്.ടി യുടെ 2016-2017-ലെ നിയമനവുമായി ബന്ധപ്പെട്ട് അധിക തസ്തികകൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ നൽകാത്തതിനാലാണ് മാനേജരുടെ സത്യപ്രസ്താവന തൃത്താല എ.ഇ.ഒ നിരസിച്ചതെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ 2016-2017 മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവുകൾ വ്യക്തമായി പരിശോധിച്ച് ശ്രീമതി.റസീന.സി.പി യ്ക്ക് നിലനിൽക്കുവാനുള്ള അധിക തസ്തിക ലഭ്യമാണെങ്കിൽ G O (P) 4/2021/പൊ.വി.വ തീയതി 6.2.2021-ലെ വ്യവസ്ഥകൾ പ്രകാരം 2016-2017 മുതൽ 14.7.2021 വരെയുള്ള നിയമനം അംഗീകരിക്കുന്നതിനും ടിയാളുടെ 15.7.2021 മുതലുള്ള പ്രൊമോഷൻ ഒഴിവിലുള്ള നിയമനം 1.11.2023 തീയതിയിലെ JR1/502/2023/പൊ.വി.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതിയിലും ബഹു.ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമന തീയതി മുതൽ പ്രൊവിഷണലായി അംഗീകരിക്കുന്നതിനും ശ്രീമതി.റസീന.സി.പി യുടെ 2016-2017 മുതലുള്ള അധിക തസ്തികയിലെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീ.അമൽ യു.പി.എസ്.ടി യുടെ 15.7.2021 മുതലുള്ള നിയമനം ഭിന്നശേഷി സംവരണം പാലിച്ച് അംഗീകരിക്കുന്നതിനും തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട് ഇരുമ്പകശ്ശേരി എ.യു.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1(Ext. P9) പുന പരിശോധനാ ഹർജി തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട് ജില്ല.
ശ്രീ. മുഹമ്മദ്. സി പി, മാനേജർ, എ.യു.പി. സ്കൂൾ, ഇരുമ്പകശ്ശേരി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.യു.പി. സ്കൂൾ, ഇരുമ്പകശ്ശേരി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 05-04-2024 14:14:33
സെക്ഷൻ ഓഫീസർ